# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1478

22/03/2013 ന് മറുപടി
നല്കേണ്ടിയിരുന്നത്

### കൃഷിനാശം തിട്ടപ്പെടുത്തുന്നതിന് മാനദണ്ഡങ്ങൾ

**ചോദ്യം**

ശ്രീ.സി.ദിവാകരൻ
ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ.ഇ.കെ.വിജയൻ
ശ്രീ.മുല്ലക്കര രത്നാകരൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തുണ്ടായിരിക്കുന്ന വരൾച്ചയെത്തുടർന്നുള്ള കൃഷിനാശം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(എ) ഉണ്ട്. 2012-13 വർഷത്തിൽ, ഖാരിഫ്, റാബി സീസണുകളിലായി 5810.66 കോടി രൂപയുടെ കൃഷിനാശമുണ്ടായതായി കണക്കാക്കുന്നു.

(ബി) കൃഷിനാശം തിട്ടപ്പെടുത്തുന്നതിന് സ്വീ[redacted]ദണ്ഡങ്ങൾ [redacted] മാറ്റം വരു[redacted]ണ്ടോ; എങ്കിൽ അത് വിശദമാക്കുമോ; [redacted]

(ബി) പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന [redacted]ച്ച് ഓരോ വിളയുടെയും [redacted] അടിസ്ഥാന[redacted] കണക്കിലെടുത്താണ് കൃഷിനാശത്തിന്റെ കണക്ക് തയ്യാറാക്കുന്നത്. [redacted] മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(സി) ഏതെല്ലാം വിളകളെയാണ് കൃഷിനാശ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്ന വിളകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) ഭൂമിയും കാർഷികവിളയും മാത്രം മാനദണ്ഡമാക്കി നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ചെലവാക്കിയ തുക ഉൾപ്പെടെ മറ്റ് നഷ്ടങ്ങൾ പരിഹരിക്കപ്പെടാതെ പോകുമെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ഡി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് ധനസഹായം നല്കുന്നത്. അതത് കാലത്ത് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് മാത്രമേ ധനസഹായം നല്കാൻ കഴിയുകയുള്ളു. 11/06/2012 ലെ സ.ഉ.(എംഎസ്.) നം.239/2012/ഡിഎംഡി ഉത്തരവ് പ്രകാരം 01/04/2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന നിരക്കിലാണ് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ധനസഹായം നല്കിയിരുന്നത്. കേന്ദ്രസർക്കാർ SDRF മാനദണ്ഡങ്ങൾ പുതുക്കിയതനുസരിച്ച്

16/01/2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12/09/2012-ലെ ജി.ഒ. (എംഎസ്.)നം.343/2012/ ഡിഎംഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ.ഉ. (എംഎസ്.) നം.239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡങ്ങൾ കേന്ദ്രസർക്കാർ വീണ്ടും പുതുക്കിയതനുസരിച്ച് 01.03.2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25.10.2013-ലെ ജി.ഒ.(എംഎസ്.)നം.470/2013/ ഡിഎംഡി ഉത്തരവിലും ഇത്തരത്തിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

[redacted]

[redacted]

സെക്ഷൻ ഓഫീസർ

[redacted]

## അനുബന്ധം

| | |
|---|---|
| 1. | നെല്ല് |
| 2. | തെങ്ങ് (കായ്ഫലമുള്ളത്, കായ്ഫലമില്ലാത്തത്, ഒരു വർഷം വരെ പ്രായമായത്) |
| 3. | വാഴ (കുലച്ചത്, കുലയ്ക്കാത്തത്) |
| 4. | റബ്ബർ (ടാപ്പ് ചെയ്യുന്നത്, ടാപ്പ് ചെയ്യാത്തത്) |
| 5. | കശുമാവ് (കായ്ഫലമുള്ളത്, കായ്ഫലമില്ലാത്തത്/ മൂന്നു വർഷത്തിനു മുകളിൽ പ്രായമായത് |
| 6. | കമുക് (കായ്ഫലമുള്ളത്, കായ്ഫലമില്ലാത്തത്) |
| 7. | കൊക്കോ (കായ്ഫലമുള്ളത്) |
| 8. | കാപ്പി |
| 9. | കുരുമുളക് (കായ്ഫലമുള്ളത്) |
| 10. | ഇഞ്ചി |
| 11. | മഞ്ഞൾ |
| 12. | മരച്ചീനി |
| 13. | നിലക്കടല |
| 14. | എള്ള് |
| 15. | പച്ചക്ക[redacted] |
| 16. | [redacted]ത്തത്) |
| 17. | ഗ്രാമ്പൂ (കായ്ഫലമുള്ളത്, കായ്ഫലമില്ലാത്തത്) |
| 18. | ഏലം [redacted] |
| 19. | വെറ്റിലക്കൊടി |
| 20. | പയർവർഗ്ഗങ്ങൾ |
| 21. | കിഴങ്ങുവിളകൾ (ചേമ്പ്, ചേന തുടങ്ങിയവ) |
| 22. | കരിമ്പ് |
| 23. | കൈതച്ചക്ക |
| 24. | തീറ്റപ്പുല്ല് |
| 25. | മൽബറി |
| 26. | പുകയില |
| 27. | പരുത്തി |

**സെക്ഷൻ ഓഫീസർ**